## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6055** **02.04.2018-ൽ മറുപടിയ്ക്ക്**

**വിരമിച്ച സർക്കാർ ജീവനക്കാർക്ക് ഭാഗ്യക്കുറിവകുപ്പിൽ കരാർ നിയമനം**

| ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലും പ്രസ്തുത വകുപ്പിന്റെ കീഴിലുള്ള അനുബന്ധ സ്ഥാപനങ്ങളിലും വിരമിച്ച സർക്കാർ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ)<br>&<br>(ബി) | കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കീഴിലുള്ള സബ് ഓഫീസുകളിൽ സൈനിക ക്ഷേമ വകുപ്പിൽനിന്നും കരാർ അടിസ്ഥാനത്തിൽ 16/12/2016-ലെ സ.ഉ.(കൈ)നം. 106/2016/നി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സെക്യൂരിറ്റി ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. വിരമിച്ച സർക്കാർ ജീവനക്കാരെ കാരുണ്യ ബനവലന്റ് ഫണ്ടിൽ കരാർ അടിസ്ഥാനത്തിൽ മാനേജർ, കൺസൾട്ടന്റ് ഡോക്ടർ എന്നീ തസ്തികകളിലാണ് നിയമിച്ചിട്ടുള്ളത്. മാനേജർ തസ്തികയിൽ 20.08.2016-ലെ ജി.ഒ. (ആർ.റ്റി) നം.648/ 2016/റ്റി.ഡി. നമ്പർ സർക്കാർ ഉത്തരവു പ്രകാരവും, കൺസൾട്ടന്റ് ഡോക്ടർ തസ്തികയിൽ കാരുണ്യ ബനവലന്റ് ഫണ്ടിന്റെ സംസ്ഥാനതല സമിതി തീരുമാന പ്രകാരവുമാണ് നിയമനം നടത്തിയിട്ടുള്ളത്. ഭാഗ്യക്കുറി വകുപ്പിൽ നിന്നും അഡീഷണൽ ഡയറക്ടർ തസ്തികയിൽ വിരമിച്ച ജീവനക്കാരനെയാണ് മാനേജർ തസ്തികയിൽ നിയമിച്ചിട്ടുള്ളത്. സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച, സർജറിയിൽ വൈദഗ്ധ്യമുള്ള ഡോക്ടറെയാണ് കൺസൾട്ടന്റ് ഡോക്ടറായി നിയമിച്ചിട്ടുള്ളത്. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിൽ 31.05.2017 ലെ സ.ഉ.(സാധ)നം.435/2017/ നി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടേറ്റിലെ ഡെപ്യൂട്ടി ഡയറക്ടർ സ്ഥാനത്തു നിന്നും വിരമിച്ച ശ്രീ.എസ്. സഞ്ജയകുമാറിനെ 01.06.2017 മുതൽ രണ്ടു വർഷക്കാലത്തേക്ക് നോഡൽ ഓഫീസറായി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇവരുടെ പ്രവർത്തന പരിചയം ഉപയോഗപ്പെടുത്തുന്നതിന് വേണ്ടിയാണ് ഇവരെ നിയമിച്ചിട്ടുള്ളത്. |
| (ബി) | ഇപ്രകാരം സർവ്വീസിൽ നിന്ന് വിരമിച്ചവരെ നിയമിക്കുന്നത് ഏത് മാനദണ്ഡം അനുസരിച്ചാണ്; | | |

| | | | |
|---|---|---|---|
| (സി) | ഇപ്രകാരം നിയമനം ലഭിച്ചവരുടെ നിലവിലെ ഉദ്യോഗപ്പേര്, നൽകുന്ന വേതനം, ഇവർ ജോലി ചെയ്യുന്ന സ്ഥാപനം എന്നിവ വ്യക്തമാക്കുമോ? | (സി) | ഇപ്രകാരം നിയമനം ലഭിച്ചവരുടെ നിലവിലെ ഉദ്യോഗപ്പേര്, നൽകുന്ന വേതനം, ഇവർ ജോലിചെയ്യുന്ന സ്ഥാപനം എന്നിവ ചുവടെ ചേർക്കുന്നു |

| ഉദ്യോഗപേര് | വേതനം (പ്രതിമാസം) | സ്ഥാപനം |
|---|---|---|
| സെക്യൂരിറ്റി ഗാർഡ് | 19,000 | 18 ഭാഗ്യക്കുറി സബ് ഓഫീസുകൾ |
| മാനേജർ | 40000 | കാരുണ്യ ബനവലൻറ് ഫണ്ട് ഹെഡ് ഓഫീസ് |
| കൺസൾട്ടന്റ് ഡോക്ടർ | 41475 | " |
| നോഡൽ ഓഫീസർ | 40000 | കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടേയും വില്പനക്കാരുടേയും ക്ഷേമനിധി ബോർഡ്, ആസ്ഥാന ഓഫീസ്, തിരുവനന്തപുരം. |

സെക്ഷൻ ഓഫീസർ